**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 503** **06-12-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡ് നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റോവൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡ് നിർമാണത്തിനായി കിഫ്ബി അനുവദിച്ച 75 കോടി രൂപ നാളിതുവരെ വിനിയോഗിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി GO (P) No. 1502/ 2016/PWD dated 01.11.2016 പ്രകാരം 75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന വൈപ്പിൻ - പള്ളിപ്പുറം പാരലൽ റോഡ് നിർമ്മാണ പ്രവൃത്തിയ്ക്കായി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി സംസ്ഥാന ബഡ്ജറ്റ് മുഖേന നിർവ്വഹിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്നതിനാൽ ഇത് സംബന്ധിച്ച തീരുമാനം സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത റോഡിലൂടെ നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ ഈ തുക കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്ന വൈപ്പിൻ ദ്വീപിന്റെ കിഴക്കുവശത്ത് കൂടി വിഭാവനം ചെയ്തിട്ടുള്ള വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ (കായൽ റോഡ്) നിർമ്മാണത്തിനായി മാറ്റി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | 24.02.2018-ലെ GO (Ms) No. 69/2018/Fin പ്രകാരം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതോ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുള്ളതോ ആയ പദ്ധതികൾക്ക് മാത്രമേ കിഫ്ബി ധനസഹായം നൽകാനാവൂ. അതിനാൽ തന്നെ കിഫ്ബി ധനസഹായം പ്രഖ്യാപിച്ചതും, എന്നാൽ പിന്നീട് സാങ്കേതിക കാരണങ്ങളാൽ നിർവ്വഹിക്കാൻ സാധിക്കാത്തതുമായ വൈപ്പിൻ - പള്ളിപ്പുറം പാരലൽ റോഡിന് വകയിരുത്തിയ തുക കായൽ റോഡ് നിർമ്മാണത്തിനായി മാറ്റി അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (സി) | ഇതുസംബന്ധിച്ച് 01.04.2022-ന് ധനകാര്യ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതും ധനകാര്യവകുപ്പിന്റെ 01.08.2022-ലെ 2104310/ഇൻഡ് പി.ഡബ്ല്യ.ബി1/160/2022 ഫയൽ പ്രകാരം കിഫ്ബിക്ക് തുടർനടപടിക്കായി | (സി) | 24.02.2018-ലെ GO (Ms) No. 69/2018/Fin പ്രകാരം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതോ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുള്ളതോ ആയ പദ്ധതികൾക്ക് മാത്രമേ കിഫ്ബി ധനസഹായം നൽകാനാവൂ. കിഫ്ബി ധനസഹായം പ്രഖ്യാപിച്ചതും, എന്നാൽ പിന്നീട് |

| | | | |
|---|---|---|---|
| | കൈമാറിയിട്ടുള്ളതുമായ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | | സാങ്കേതിക കാരണങ്ങളാൽ കിഫ്‌ബി നിരസിച്ചതുമായ റോഡിന് വകയിരുത്തിയ തുക വിനിയോഗിച്ച് മറ്റൊരു റോഡ് പ്രവൃത്തി നിർവ്വഹിക്കുവാൻ സാധിക്കില്ല എന്ന വിവരം ധനകാര്യവകുപ്പിന്റെ 01.08.2022-ലെ 2104310/ ഇൻഡ് പി.ഡബ്ല്യൂ.ബി1/160/2022 ഫയൽ പ്രകാരം കിഫ്ബിക്ക് തുടർനടപടിക്കായി കൈമാറിയിട്ടുള്ള കത്തിന്റെ മറുപടിയായി ഭരണ വകുപ്പിനെ അറിയിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ